# موضوع الخطبة: الحث على إكثار قراءة القرآن في رمضان

## إعداد: ماجد بن سليمان الرسي

# വിഷയം: റമദാന് മാസം - ഖുർആൻ പാരായണം അധികരിപ്പിക്കുക.

## തയ്യാറാക്കിയത്: മാജിദ് ബിൻ സുലൈമാൻ അർ റസ്സി

**مترجمة إلى اللغة المليبارية**

ترجمها: سلسبيل بن عبد العزيز
طالب جامعة الملك خالد بأبها
sabeelsal43@gmail.com

## ഒന്നാമത്തേ ഖുത്ബ

**മുസ്ലിമീങ്ങളെ,**
**സ്വന്തത്തെയും നിങ്ങളെയും ഞാൻ തഖ്‌വകൊണ്ട് ഉപദേശിക്കുന്നു. ആഖിറത്തിലേക്ക് അടുത്ത്കൊണ്ടിരിക്കുന്ന യാത്രക്കാരന് ഒരുക്കിവെക്കാൻ സാധിക്കുന്ന ഏറ്റവും നല്ല പാഥേയം അതാകുന്നു. അല്ലാഹു പറഞ്ഞു:**

{ وَتَزَوَّدُوا فَإِنَّ خَيْرَ الزَّادِ التَّقْوَى وَاتَّقُونِ يَا أُولِي الْأَلْبَابِ }

**നിങ്ങൾ യാത്രയ്ക്കുവേണ്ട വിഭവങ്ങൾ ഒരുക്കിവെക്കുക. എന്നാൽ യാത്രയ്ക്കു വേണ്ട വിഭവങ്ങളിൽ ഏറ്റവും ഉത്തമമായത് തഖ്‌വയാകുന്നു.**

**മുൻഗാമികൾക്കും പിൻഗാമികൾക്കുമുള്ള അല്ലാഹു വസ്വിയ്യത്താകുന്നു അത്. അവൻ പറഞ്ഞു:**

{ وَلَقَدْ وَصَّيْنَا الَّذِينَ أُوتُوا الْكِتَابَ مِنْ قَبْلِكُمْ وَإِيَّاكُمْ أَنِ اتَّقُوا اللَّهَ }

**നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക എന്ന് നിങ്ങൾക്ക് മുമ്പ് വേദം നൽകപ്പെട്ടവരോടും, നിങ്ങളോടും നാം വസ്വിയ്യത്ത് ചെയ്തിരിക്കുന്നു.**

**തഖ്‌വയോട് കൂടി ജീവിച്ചവർക്കാകുന്നു അല്ലാഹു സ്വർഗ്ഗം ഒരുക്കി വെച്ചത്. അവൻ പറഞ്ഞു:**

{ وَلَنِعْمَ دَارُ ٱلْمُتَّقِينَ }

**തഖ്‌വ പാലിക്കുന്നവർക്കുള്ള ഭവനം എത്രയോ നല്ലത്!**

**അല്ലാഹുവിന്റെ അടിമകളെ,**
**റമദാന് ഖുർആനിന്റെ മാസമാണ്. ബൈത്തുൽ ഇസ്സയിൽ നിന്നും ഒന്നാം ആകാശത്തിലേക്ക് ഖുർആൻ അവതരിപ്പിച്ചത് ഈ മാസത്തിലാണ്. പിന്നീട് വിവിധ സന്ദർഭങ്ങളിലായി നബി ﷺ യ്ക്ക് അല്പാല്പം ഇറക്കി നൽകുകയുണ്ടായി. ഖുർആനല്ലാത്ത മറ്റിതര ഗ്രന്ഥങ്ങളും അല്ലാഹു ഇറക്കിയത് റമദാൻ മാസത്തിൽ തന്നെയാകുന്നു. വാഥില ഇബ്നുൽ അസ്ഖഃ' ഉദ്ധരിക്കുന്ന ഹദീഥിൽ നബി ﷺ പറഞ്ഞതായി കാണാം:**

**ഇബ്രാഹീം عليه السلام ന്റെ ഏടുകൾ റമദാനിലെ ഒന്നാം രാവിൽ ഇറക്കപ്പെട്ടു, തൗറാത്ത് റമദാനിലെ ആറു ദിനങ്ങൾ കഴിഞ്ഞപ്പോഴും, ഇൻജീൽ മതിമൂന്നു ദിനങ്ങൾ കഴിഞ്ഞപ്പോഴും, വിശുദ്ധ ഖുർആൻ ഇരുപത്തിനാല് ദിനങ്ങൾ കഴിഞ്ഞപ്പോഴും ഇറക്കപ്പെട്ടു.[1]**

**ഓ മു:മിനീങ്ങളെ,**
**റമദാനിലെ പ്രധാനപ്പെട്ട ഇബാദത്തുകളിൽ പെട്ടതാകുന്നു ഖുർആൻ പാരായണം. അത് അധികരിപ്പിക്കൽ ഏറെ പുണ്ണ്യമാക്കപ്പെട്ട മാസവുമാകുന്നു ഇത്. റമദാനിൽ ഒരുപാട് തവണ ഖുർആൻ ഖതം തീർക്കുക എന്നത് സച്ചരിതരായ മുൻഗാമികളുടെ ചര്യയിൽ പെട്ടതായിരുന്നു. നാല് ദിവസങ്ങൾ കൊണ്ട് ഖതം തീർക്കുന്നവരും മൂന്നു ദിവസങ്ങൾ കൊണ്ട് തീർക്കുന്നവരും അതിൽ കൂടുതൽ തീർക്കുന്നവരും അവരുടെ കൂട്ടത്തിൽ ഉണ്ടായിരുന്നു.**

[1] رواه أحمد وحسّنه الألباني

അല്ലാഹുവിന്റെ അടിമകളെ,
ഖുർആൻ പാരായണം ഏറ്റവും ഉത്തമമായ പ്രവർത്തനങ്ങളിൽ പെട്ടതും അല്ലാഹുവിലേക്ക് സാമീപ്യം നേടിത്തരുന്ന മഹത്തായ കർമ്മങ്ങളിൽ പെട്ടതുമാകുന്നു. അല്ലാഹു പറഞ്ഞു:

{ إِنَّ الَّذِينَ يَتْلُونَ كِتَابَ اللَّهِ وَأَقَامُوا الصَّلَاةَ وَأَنفَقُوا مِمَّا رَزَقْنَاهُمْ سِرًّا وَعَلَانِيَةً يَرْجُونَ تِجَارَةً لَّن تَبُورَ }

തീർച്ചയായും അല്ലാഹുവിന്റെ ഗ്രന്ഥം പാരായണം ചെയ്യുകയും, നമസ്കാരം മുറപോലെ നിർവഹിക്കുകയും, നാം കൊടുത്തിട്ടുള്ളതിൽ നിന്ന് രഹസ്യമായും പരസ്യമായും ചെലവഴിക്കുകയും ചെയ്യുന്നവരാരോ അവർ ആശിക്കുന്നത് ഒരിക്കലും നഷ്ടം സംഭവിക്കാത്ത ഒരു കച്ചവടമാകുന്നു.

അബ്ദുല്ലാഹ് ഇബ്നു മസ്ഊദ് رضي الله عنه വിൽ നിന്നും നിവേദനം ചെയ്യപ്പെട്ട ഹദീഥിൽ റസൂലുല്ലാഹി صلى الله عليه وسلم പറഞ്ഞു:

"ആരെങ്കിലും അല്ലാഹുവിന്റെ ഖുർആനിൽ നിന്ന് ഒരു ഹർഫ് പാരായണം ചെയ്താൽ അവന് ഒരു നന്മയുണ്ടായിരിക്കും. നന്മകളാകട്ടെ അവയുടെ പത്തിരട്ടി ആയാണ് (പ്രതിഫലം നൽകപ്പെടുക). അലിഫ് ലാം മീം എന്നത് ഒരു ഹർഫാണെന്ന് ഞാൻ പറയില്ല; മറിച്ച് അലിഫ് ഒരു ഹർഫാണ്. ലാം മറ്റൊരു ഹർഫ്, മീം മറ്റൊരു ഹർഫ്."[2]

അബൂ മൂസ അൽ അശ്അരി رضي الله عنه ഉദ്ധരിക്കുന്ന ഹദീഥിൽ റസൂലുല്ലാഹി صلى الله عليه وسلم പറഞ്ഞു:

---

[2] رواه الترمذي وصححه الألباني

**ഖുർആൻ പാരായണം ചെയ്യുന്ന വിശ്വാസിയുടെ ഉപമ നാരങ്ങ പോലെയാണ്, അതിന്റെ ഗന്ധവും രുചിയും നല്ലതാണ്. ഖുർആൻ പാരായണം ചെയ്യാത്ത വിശ്വാസിയുടെ ഉപമ കാരക്ക പോലെയാണ്, അതിന് ഗന്ധമില്ല എന്നാൽ രുചി മാധുര്യവുമാണ്. ഖുർആൻ പാരായണം ചെയ്യുന്ന കപട വിശ്വാസി റയ്ഹാന ചെടി പോലെയാണ്, നല്ല ഗന്ധമാണ് പക്ഷെ രുചി കയ്പ്പാണ്. ഖുർആൻ പാരായണം ചെയ്യാത്ത കപട വിശ്വാസി ആട്ടങ്ങ പോലെയാണ്, ഗന്ധവുമില്ല രുചിയാകട്ടെ കയ്പ്പാണ്.[3]**

**അബൂ ഹുറൈറ رضي الله عنه വിൽ നിന്ന് നിവേദനം നബി ﷺ പറഞ്ഞു:**

**രണ്ട് കാര്യങ്ങളിലല്ലാതെ അസൂയ പാടുള്ളതല്ല. ഒരുവന് അല്ലാഹു ഖുർആൻ പഠിപ്പിച്ച് നൽകി എന്നിട്ട് രാത്രി സമയങ്ങളിലും പകൽ സമയങ്ങളിലും അവൻ പാരായണം ചെയ്യുന്നു. അങ്ങനെ അവന്റെ അയൽവാസി ഇത് കേൾക്കുകയും എന്നിട്ട് ഇങ്ങനെ പറയുന്നു "അവൻ ഖുർആനിന്റെ അറിവ് നൽകപ്പെട്ടത് പോലെ എനിക്കും നല്കപ്പെട്ടിരുന്നെങ്കിൽ എത്ര നന്നായിരുന്നു, എനിക്കും അവനെ പോലെ പ്രവർത്തിക്കാമായിരുന്നല്ലോ. രണ്ടാമന് അല്ലാഹു സമ്പത്ത് നൽകുകയും ശരിയായ മാർഗത്തിൽ ചെലവഴിക്കുകയും ചെയ്യുന്നു. അങ്ങനെ ഒരുവൻ പറയുന്നു "അവന് നൽകപ്പെട്ടത് പോലെ സമ്പത്ത് എനിക്കും നല്കപ്പെട്ടിരുന്നെങ്കിൽ എത്ര നന്നായിരുന്നു. അവൻ പ്രവർത്തിക്കുന്നത് പോലെ എനിക്കും പ്രവർത്തിക്കാമായിരുന്നല്ലോ."[4]**

---

[3] رواه البخاري (٥٤٢٧) ومسلم (٧٩٧)
[4] رواه البخاري (٥٠٢٧)

**ആഇശ رضي الله عنها യിൽ നിന്ന് ഉദ്ധരിക്കപ്പെട്ട ഹദീഥിൽ നബി صلى الله عليه وسلم പറഞ്ഞു:**

**വിശുദ്ധ ഖുർആനിനെ കുറിച്ച് മനഃപ്പാഠമാക്കി അത് പാരായണം ചെയ്യുന്നവർ സമാദരണീയരും പുണ്യാത്മാക്കളുമായവരുടെ (മലക്കുകളുടെ) കൂടെയാണ്. പ്രയാസത്തോടെ തപ്പിത്തടഞ്ഞ് കൊണ്ട് ഖുർആൻ പാരായണം ചെയ്യുന്നവന് രണ്ട് പ്രതിഫലമുണ്ട്.[5]**

**അബൂ ഹുറൈറ رضي الله عنه വിൽ നിന്ന് നിവേദനം, റസൂലുല്ലാഹി صلى الله عليه وسلم പറഞ്ഞു:**

**തന്റെ വീട്ടിലേക്ക് മടങ്ങിച്ചെല്ലുമ്പോൾ അവിടെ മൂന്നു തടിച്ച പെൺ ഒട്ടകങ്ങളെ കാണുന്നത് നിങ്ങളിൽ ആരെങ്കിലും ഇഷ്ടപ്പെടുന്നുണ്ടോ? സ്വഹാബികൾ പറഞ്ഞു: അതെ. നബി صلى الله عليه وسلم പറഞ്ഞു: നിസ്കാരത്തിൽ പാരായണം ചെയ്യുന്ന മൂന്നു ആയത്തുകൾ ഈ പറയപ്പെട്ട മൂന്നു ഒട്ടകങ്ങളെക്കാളും ഉത്തമമാകുന്നു.[6]**

**ഉക്ബത് ബിൻ ആമിർ رضي الله عنه പറയുന്നു:**

**നമ്മൾ മസ്ജിദിൽ  ഇരിക്കവേ അല്ലാഹുവിന്റെ റസൂൽ صلى الله عليه وسلم നമ്മിലേക്ക് വന്നു. എന്നിട്ട് പറഞ്ഞു: എല്ലാ ദിവസവും ബുത്ത്ഹാഇലേക്കോ അല്ലെങ്കിൽ അഖീഖിലേക്കോ (മദീനയിലെ രണ്ട് താഴ്വാരങ്ങൾ) ചെന്ന് അവിടെ നിന്ന് ഒരു തെറ്റും ചെയ്യാതെ ഒരു ബന്ധവും മുറിക്കാതെ രണ്ട് കൊഴുത്ത**

---

[5] رواه البخاري ومسلم واللفظ للبخاري
[6] رواه مسلم

**ഒട്ടകങ്ങളെ സ്വന്തമാക്കി കൊണ്ടുവരാൻ നിങ്ങളിൽ ആരാണ് താൽപര്യപ്പെടുന്നത്? സ്വഹാബികൾ പറഞ്ഞു: ഞങ്ങൾ അത് താല്പര്യപ്പെടുന്നുണ്ട് അല്ലാഹുവിന്റെ റസൂലേ! അപ്പോൾ നബി ﷺ പറഞ്ഞു: ഒരുവൻ മസ്ജിദിലേക്ക് ചെന്ന് അവിടുന്ന് രണ്ട് ആയത്തുകൾ പഠിക്കുന്നതോ പാരായണം ചെയ്യുന്നതോ ആണ് രണ്ട് ഒട്ടകങ്ങളെക്കാൾ അവന് നല്ലത്. മൂന്നു ആയത്തുകൾ മൂന്നു ഒട്ടകങ്ങളെക്കാളും നാല് ആയത്തുകൾ നാല് ഒട്ടങ്കങ്ങളെക്കാളും, എത്ര ആയത്തുകളാണോ അത്രെയും ഒട്ടകങ്ങളെക്കാളും ഉത്തമമാണ് അത്.**[7]

**അബൂ ഉമാമ അൽബാഹിലി رضي الله عنه പറഞ്ഞു: റസൂലുല്ലാഹി ﷺ ഇപ്രകാരം പറയുന്നതായി ഞാൻ കേട്ടു:**

**നിങ്ങൾ ഖുർആൻ പാരായണം ചെയ്യുക, കാരണം അന്ത്യദിനത്തിൽ അതിന്റെ കൂട്ടർക്ക് ശിപാർശകനായി ഖുർആൻ വരുന്നതാണ്.**[8]

**റമദാൻ മാസത്തിലും അല്ലാതെയുമുള്ള ഖുർആൻ പാരായണത്തിന്റെ ശ്രേഷ്ഠത നമ്മുക്ക് കാണിച്ചുതരുന്ന പ്രധാനമായ ഹദീഥുകൾ ആകുന്നു ഇവിടെ പരാമർശിപ്പിക്കപ്പെട്ടത്.**

## രണ്ടാമത്തെ ഖുത്ബ

[7] رواه مسلم
[8] رواه مسلم

നിങ്ങളറിയുക,
ഖുർആൻ പാരായണവും നോമ്പും ആരാണോ ഒരുമിപ്പിച്ചത്, അന്ത്യദിനത്തിൽ ഈ രണ്ട് പ്രവർത്തങ്ങളും പദവികൾ ഉയർത്തപ്പെടാനും പാപങ്ങൾ പൊറുക്കപ്പെടാനും വേണ്ടി ശിപാർശ ചെയ്യാൻ ഏറെ സാധ്യതയുണ്ട്. അബ്ദുല്ലാഹ് ബിൻ അംറ് നിന്ന് ഉദ്ധരിക്കപ്പെട്ട ഹദീഥിൽ റസൂലുല്ലാഹി ﷺ പറഞ്ഞു:

നോമ്പും ഖുർആനും അന്ത്യദിനത്തിൽ അടിമക്ക് വേണ്ടി ശിപാർശ ചെയ്യുന്നതാണ്. നോമ്പ് പറയും "റബ്ബേ, പകൽ സമയങ്ങളിൽ ഭക്ഷണത്തിൽ നിന്നും ഇച്ഛകളിൽ നിന്നും ഞാൻ അവനെ തടഞ്ഞിട്ടുണ്ട്. അതുകൊണ്ട് ഇവന്റെ കാര്യത്തിൽ എന്റെ ശിപാർശ സ്വീകരിക്കണെ." ഖുർആൻ പറയും "രാത്രിയിൽ ഉറക്കിൽ നിന്നും ഞാൻ ഇവനെ തടഞ്ഞിട്ടുണ്ട്. അതുകൊണ്ട് ഇവന്റെ കാര്യത്തിൽ എന്റെ ശിപാർശ സ്വീകരിക്കണെ." [9]

അല്ലാഹുവിന്റെ അടിമകളെ,
സൽകർമ്മങ്ങളുടെ കാര്യത്തിൽ നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക. ഇതാ ഈ മാസത്തിന്റെ പകുതിയും പിന്നിട്ടിരിക്കുന്നു, അവസാനത്തെ പത്ത് അടുത്തുകൊണ്ടിരിക്കുന്നു. രണ്ട് തരം ജിഹാദുകൾ തമ്മിൽ ഒരുമിപ്പിക്കാൻ സാധിക്കുക എന്നത് ഒരു വിശ്വാസിക്ക് അല്ലാഹു ചെയതു നൽകുന്ന അനുഗ്രഹങ്ങളിൽ പെട്ടതാകുന്നു. പകലിലെ നോമ്പെന്ന ജിഹാദും രാത്രിയിലെ നിസ്കാരമെന്ന ജിഹാദും ആകുന്നു അവ. ആരാണോ ഈ രണ്ട് ജിഹാദും ഒരുമിപ്പിച്ച് അതിൽ ക്ഷമിച്ച് കൊണ്ട് നിലനിന്നത് അവൻ അല്ലാഹുവിന്റെ

{ إِنَّمَا يُوَفَّى الصَّابِرُونَ أَجْرَهُم بِغَيْرِ حِسَابٍ }

[9] رواه أحمد وصححه الألباني في صحيح الترغيب

**ക്ഷമാശീലർക്കു തന്നെയാകുന്നു തങ്ങളുടെ പ്രതിഫലം കണക്കുനോക്കാതെ നിറവേറ്റികൊടുക്കപ്പെടുന്നത്.**

**എന്ന വാഗ്ദാനത്തിൽ ഉൾപ്പെടുമെന്ന് ഏറെ പ്രതീക്ഷിക്കാവുന്നതാണ് .**

**പിന്നീട് നിങ്ങളറിയുക,**
**അല്ലാഹു മഹത്തായ ഒരു കാര്യം നിങ്ങളോട് കല്പിച്ചിരിക്കുന്നു. അവൻ പറഞ്ഞു:**

**إِنَّ ٱللَّهَ وَمَلَٰٓئِكَتَهُۥ يُصَلُّونَ عَلَى ٱلنَّبِىِّ ۚ يَٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ صَلُّوا۟ عَلَيْهِ وَسَلِّمُوا۟ تَسْلِيمًا**
**തീർച്ചയായും അല്ലാഹുവും അവന്റെ മലക്കുകളും നബിക്ക് വേണ്ടി സ്വലാത്ത് ചെയ്യുന്നു. ഓ വിശ്വസിച്ചവരേ, നിങ്ങളും അദ്ദേഹത്തിന് വേണ്ടി സ്വലാത്തും സലാമും ചോദിക്കുക.**

**നബി ﷺ പറഞ്ഞു:**

**നിങ്ങളുടെ ദിവസങ്ങളിൽ വെച്ച് ഏറ്റവും നല്ലത് ജുമുഅ ദിവസമാകുന്നു. ആ ദിവാസിതത്തിലാണ് ആദം സൃഷ്ടിക്കപ്പെട്ടതും മരണപ്പെട്ടതും. അതിലാണ് കാഹളത്തിൽ ഊതപ്പെടുകയും ഘോരമായ ശബ്ദം മുഖേന മനുഷ്യരെല്ലാവരും മരിക്കുകയും ചെയ്യുക. അതുകൊണ്ട് എന്റെ പേരിൽ നിങ്ങൾ സ്വലാത്തുകൾ അധികരിപ്പിക്കുക, കാരണം നിങ്ങളുടെ സ്വലാത്തുകൾ എനിക്ക് പ്രദർശിപ്പിക്കപ്പെടുന്നതാണ്.**[10]

[10] رواه أحمد وغيره وصححه الألباني في صحيح أبي داود

**തയ്യാറാക്കിയത് : മാജിദ് ബ്നു സുലൈമാൻ അർറസ്സി**
**ഹി. 1442 റമദാന് 18**
**ജുബൈൽ, സുഊദി അറേബ്യ**
**വാട്സ്ആപ്പ്: 00966505906761**